# സത്യവിശ്വാസികളെ തയാറാക്കാൻ രണ്ടു മാർഗങ്ങൾ

**അൽ അൻഫാൽ 72-ാം സൂക്തത്തിലെ 'സത്യവിശ്വാസം സ്വീകരിച്ചവർ' എന്നതിന്റെ വിശദീകരണം (തുടർച്ച)**

സത്യവിശ്വാസികളെ തയാറാക്കുന്നതിനും, അവരുടെ 'സ്വത്വ'ത്തിന്റെയും 'വർഗ' ത്തിന്റെയും 'സംസ്കാര'ത്തിന്റെയും സാമൂഹിക വിശ്വാസത്തിന്റെ പ്രായോഗിക വത്കരണത്തിനും രണ്ട് മാർഗങ്ങളുണ്ട്.

ഒന്ന്: നബി(സ) സ്വീകരിക്കുകയും ഖുലഫാഉർറാശിദുകളുടെ കാലത്ത് വികസിക്കുകയും ചെയ്ത രീതി. നബി(സ)ക്ക് ലഭിക്കുന്ന ദിവ്യബോധനത്തിലൂടെ അദ്ദേഹത്തിനും അദ്ദേഹത്തോടൊപ്പമുള്ളവർക്കും അല്ലാഹുവിന്റെ പ്രവർത്തനങ്ങളെയും നടപടിക്രമങ്ങളെയും തങ്ങളുടെ ദൈനംദിന വ്യക്തി-സാമൂഹിക-പ്രാപഞ്ചിക ജീവിതത്തിൽ ചിന്തിച്ചു മനസ്സിലാക്കാൻ കഴിഞ്ഞു. അതായത്, ഈ രീതി പ്രകാരം ഖുർആൻ സൂക്തങ്ങൾക്ക് പഠിതാക്കളുടെ മനസ്സിൽ ചക്രവാളങ്ങളിലെ ദൃഷ്ടാന്തങ്ങൾക്കൊപ്പം പ്രായോഗികമായി ഇടപഴകാൻ കഴിഞ്ഞു. അതുവഴി 'ദൃഢവിശ്വാസ'വും തദ്വാരാ ഖുർആന്റെ ക്ഷണമായ 'സത്യവിശ്വാസ'വും അവർക്ക് കൈവന്നു. ഈ അനുഭവം-ഖുർആനിക സൂക്തങ്ങളും പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളും മെരുക്കിയെടുത്ത വിശ്വാസം-മാനവിക സാമൂഹിക ഹൃദയത്തിലും, ധൈഷണിക, സാംസ്കാരിക, രാഷ്ട്രീയ സാമ്പത്തിക കലാ സാമൂഹികാദി മേഖലകളിലുമെല്ലാം സ്വാധീനം ചെലുത്തി. തൽഫലമായി, മനുഷ്യരുടെ ഭാവി കൊണ്ട് കളിക്കുകയും മാനവതയുടെ 'വർഗ'ങ്ങളെയും 'വിഭാഗ'ങ്ങളെയും 'സംസ്കാര' ങ്ങളെയും തങ്ങളുടെ കുടുംബങ്ങളുടെയും ഗോത്രങ്ങളുടെയും സാമുദായികതയുടെയും മറ്റും താൽപര്യങ്ങൾക്കു വേണ്ടി ദുരുപയോഗിച്ച് ദൈവം ചമയുന്നവരുടെ പിടിത്തത്തിൽനിന്ന് മോചിപ്പിക്കാൻ കഴിഞ്ഞു. ഈ ഉള്ളടക്കത്തിൽ നിന്നുകൊണ്ട് സത്യവിശ്വാസത്തിന്റെ മറ്റു താൽപര്യങ്ങൾ സഫലീകരിക്കാൻ സത്യവിശ്വാസികൾക്കായി.

സർവലോകങ്ങളുടെയും രക്ഷിതാവും ഉടമയും മാർഗദർശിയും അല്ലാഹുവാണെന്ന് സമ്മതിപ്പിക്കാനും, 'വർഗ'ങ്ങളെയും 'വിഭാഗ'ങ്ങളെയും 'സംസ്കാര' ങ്ങളെയും നിർണയിക്കുന്നതിൽ നിന്നും, ആളുകളെ പ്രതാപികളോ നിന്ദ്യരോ, ആഹാരം ലഭിക്കുന്നവരോ ദരിദ്രരോ, ജീവിക്കുന്നവരോ മരിക്കുന്നവരോ ആക്കുന്നവിധം സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുമാറ് ഭരണഘടന നിർമിക്കുന്നതിൽ നിന്ന് തടയാനും മുസ്‌ലിംകൾക്ക് സാധ്യമായി.

മലക്കുകളിലുള്ള വിശ്വാസം, അല്ലാഹുവിന്റെ മലക്കുകൾ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു, മനുഷ്യരുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്ന

ബോധം അവരിലുണ്ടാക്കാൻ സഹായകമായി.

ദൈവിക ഗ്രന്ഥങ്ങളിലുള്ള വിശ്വാസം, ഈ ഗ്രന്ഥങ്ങളിലെ പ്രയോജനങ്ങൾ സത്യവിശ്വാസികൾക്ക് ലഭിക്കുമെന്ന ദൃഢവിശ്വാസവും ദൈനംദിന ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളിൽ അത് പ്രയോജനപ്പെടുമെന്ന ആത്മവിശ്വാസവും പകർന്നു.

ദൂതന്മാരിലുള്ള വിശ്വാസം അവരെയും അവരുടെ ദൗത്യങ്ങളെയും പിൻപറ്റുന്നതിന്റെ പ്രാധാന്യവും അതുവഴി സമൂഹത്തിലുണ്ടാകുന്ന ഗുണപരമായ സ്വാധീനത്തെയും വ്യക്തമാക്കി.

പരലോകത്തിലുള്ള വിശ്വാസം മുസ്‌ലിംകളിൽ ഉത്തരവാദിത്വബോധം വളർത്തി. ഐഹിക ജീവിതത്തിലെ സകല ബാധ്യതകളെയും ഇടപാടുകളെയും സംബന്ധിച്ച അവബോധം സൃഷ്ടിച്ചു.

നന്മയും തിന്മയും അല്ലാഹുവിങ്കൽനിന്നാണെന്ന വിശ്വാസം, ജീവിതഗതി തിരിച്ചുവിടുന്നതിൽ വിഗ്രഹങ്ങളുടെയും കൽപിത ദൈവങ്ങളുടെയും ഇഛകളെ നിഷേധിക്കുകയും, തൽസ്ഥാനത്ത് പ്രപഞ്ചത്തിന്റെ നിലനിൽപിലും പ്രവർത്തനത്തിലും ക്രമഗതമായ ദൈവിക നടപടിച്ചട്ടം ദീക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വിശ്വസിക്കുന്ന സമൂഹത്തെ വാർത്തെടുക്കുകയും ചെയ്തു. ഈ ദൃഢവിശ്വാസത്തിന്റെ ഫലമായി വൈജ്ഞാനിക ചിന്താ പ്രതിബദ്ധതയും, എല്ലാ വ്യവഹാരങ്ങളിലും ഭരണനടപടികളിലും പ്ലാനിംഗുകളിലും മൂല്യനിർണയത്തിലുമെല്ലാം വ്യവസ്ഥാപിതത്വവുമുണ്ടായി. അത് നല്ലതും പുരോഗമനോന്മുഖവുമായ സാമൂഹിക പ്രതിഫലനങ്ങൾക്ക് വഴിയൊരുക്കി. സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നവരിലേക്ക് ചേർക്കപ്പെടുന്ന അത്ഭുത പ്രവൃത്തികളും അവരിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന വാഗ്ദാനങ്ങളും മനുഷ്യജീവിതം മുന്നോട്ടുകൊണ്ടുപോവുന്നതിലോ ജീവിതത്തെ പുരോഗതിപ്പെടുത്തുന്നതിലോ ഒട്ടും സ്വാധീനം ചെലുത്തുകയില്ല. എന്നല്ല, അവ മാനവ സമൂഹത്തിന് ദോഷകരമായി ഭവിക്കുകയേ ഉള്ളൂ.

രണ്ട്: വ്യക്തികളുടെ ചിന്തകളെ മാനവസമൂഹത്തിന്റെയും വ്യക്തികളുടെയും സാമൂഹിക ബന്ധങ്ങളുടെയും പുറത്തും അന്യമായും വാർത്തെടുക്കുക. അധികാര ശക്തികൾ ശരീഅത്തിന്റെ ആളുകളുടെ മേൽ വാഴ്ച ഉറപ്പിക്കുകയും, സാമൂഹിക വിഷയങ്ങളിൽ പഠനം നടത്തുന്നതിൽ നിന്ന് വിശിഷ്യാ, സമ്പത്തും അധികാരവും സംബന്ധിച്ച വിഷയത്തിൽ അവരെ തുരത്തുകയും ചെയ്തതു മുതൽക്കാണ് ഇത് സംജാതമായത്. ആ മാറ്റത്തോടെ ഇസ്‌ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, 'നിർണിത സ്വഭാവത്തോടു കൂടിയ മനുഷ്യൻ' അഥവാ, മേൽ ഗ്രൂപ്പിന്റെ നിയന്ത്രണത്തിന് വിധേയമായി എല്ലാ സ്ഥല കാലങ്ങളിലും ജീവിക്കുന്ന ഒരു നിർണിത ഗ്രൂപ്പിനെ രൂപപ്പെടുത്തുക എന്ന നിലയിൽ വിദ്യാഭ്യാസത്തെ ദുരുപയോഗിച്ചു. സ്വശരീരങ്ങളിലെയും ചക്രവാളങ്ങളിലെയും പരീക്ഷണാലയങ്ങളിൽ പരീക്ഷണം നടത്താതെ എല്ലാം ചൊല്ലിപ്പഠിപ്പിക്കുന്ന രീതിയിലായിരുന്നു വിദ്യാഭ്യാസം. ഇതിന്റെ ഫലമായി ഒരിക്കലും മാറ്റത്തിനു വിധേയമാകാത്ത ചില ചിന്തകൾ വേരുറപ്പിക്കപ്പെട്ടു. പിന്നീട് ഇത് വികസിപ്പിച്ച് 'ആദർശ ചർച്ചകൾ' എന്ന പേരിൽ വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടു.

(തുടരും)

ഡോ. മാജിദ് അർസാൻ കീലാനിയുടെ 'അൽ ഉമ്മത്തുൽ മുസ്‌ലിമ...' എന്ന കൃതിയിൽ നിന്ന്)